3. ബോർഡ് ചെലവിൽ മണി ഓർഡറായി നൽകിക്കൊണ്ടിരുന്ന പെൻഷൻ വിതരണം നിർത്തൽ ചെയ്തു. ചെക്ക് വഴി നടത്തിയിരുന്ന പെൻഷൻ വിതരണം നിർത്തൽ ചെയ്തിട്ട് മുഴുവൻ പെൻഷനും ബാങ്ക് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

4. എൻ.റ്റി.പി.സി. കായംകുളം താപനിലയത്തിന്റെ വൈദ്യുതിയുടെ സ്ഥാപിത ശേഷിയുടെ പകുതി ഭാഗം തമിഴ്നാടിന് നൽകുന്നതിനാലും, കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി നാഫ്ത, എൽ.എസ്.എച്ച്.എസ്. എന്നിവയ്ക്ക് തീരുവ കുറയ്ക്കുക വഴിയും ബോർഡിന്റെ വൈദ്യുതി വാങ്ങൽ ചെലവിൽ കുറവ് വരുത്തിയിട്ടുണ്ട്.

(ഇ) സബ്സിഡി തുക ലഭ്യമാക്കുന്നതിനും, സർക്കാർ സ്ഥാപനങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന്റെ കുടിശ്ശിക തുക അടക്കുന്നതിനും, യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ താരിഫ് പുനർനിർണ്ണയം ചെയ്യുന്നതിനും കാലാകാലങ്ങളിൽ സർക്കാരിനോട് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

മീറ്റർ കമ്പനിയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ നടപടി

15 [1694] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജനുവരിയിൽ സർക്കാരും വൈദ്യുതി ബോർഡും മീറ്റർ കമ്പനിയും ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കരാർ വ്യവസ്ഥ നിലവിലുണ്ടോ; പ്രസ്തുത കരാർ റദ്ദു ചെയ്തിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മെക്കാനിക്കൽ മീറ്ററിൽ നിന്നും ഇലക്ട്രോണിക് മീറ്ററിലേക്ക് മാറ്റാനുള്ള തീരുമാനം മീറ്റർ കമ്പനിയെ പ്രതിസന്ധിയിലാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മീറ്റർ കമ്പനിയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ഇ. ബോർഡിന്റെ 3-3-2001-ലെ 528/2001/റ്റി.സി.2പി904/98 നമ്പർ ഉത്തരവ് പ്രകാരം 21-3-2001-ൽ 3/2001 മുതൽ മൂന്ന് വർഷത്തേക്ക് ഒരു മീറ്ററിന് 520 രൂപ നിരക്കിൽ കൊല്ലം മീറ്റർ കമ്പനിയിൽ നിന്നും സിങ്കിൾ ഫേസ് ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ വാങ്ങുന്നതിന് കരാർ നൽകിയിരുന്നു.

(ബി) ഉണ്ട്.

(സി ആന്റ് ഡി) കേന്ദ്ര ഗവൺമെന്റിന്റെ ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയനുസരിച്ച് ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിൽ കൃത്യത ഉറപ്പുവരുത്തുന്നതിനായി മെക്കാനിക്കൽ മീറ്ററുകൾക്ക് പകരമായി ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 1/2003 മുതൽ മെക്കാനിക്കൽ മീറ്ററുകൾ ബോർഡ് വാങ്ങുന്നില്ല. കൊല്ലം മീറ്റർ കമ്പനിക്ക് 2,40,000 എണ്ണം സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്ററുകൾ നിർമ്മിച്ച് നൽകുന്നതിന് 23-6-2003-ൽ ഒരു ഓർഡർ നൽകിയിരുന്നു. ടി ഓർഡർ 30-6-2004 വരെ നിലവിലുണ്ട്. എന്നാൽ ടി ഓർഡറിൻ പ്രകാരമുള്ള മീറ്ററുകൾ അവർ നിശ്ചിത തീയതിക്കുള്ളിൽ തന്നെ തന്നു തീർത്തിട്ടുണ്ട്. മെക്കാനിക്കൽ മീറ്ററുകൾക്ക് പകരം സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്ററുകൾ നൽകുന്നതിന് പുതിയതായി വിളിച്ച ടെണ്ടറിൽ സൗത്ത് സെൻട്രൽ റീജിയണുകളിൽ കൊല്ലം മീറ്റർ കമ്പനിയാണ് ഏറ്റവും കുറഞ്ഞ വില കോട്ട് ചെയ്തിരിക്കുന്നത്. ടി ടെണ്ടറിൽ 2,50,000 എണ്ണം മീറ്ററുകൾ ഒന്നിന് 209 രൂപ (എല്ലാ നികുതിയുമുൾപ്പെടെ) വച്ച് നൽകുന്നതിനുള്ള ഓർഡർ നൽകുന്നതാണ്.

ഡെപ്പോസിറ്റ് നൽകി വൈദ്യുതി ബോർഡിനെ ഏൽപ്പിച്ചിട്ടുള്ള പ്രവൃത്തികൾ

16 [1695] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് നൽകി വൈദ്യുതി ബോർഡിനെ ഏൽപ്പിച്ചിട്ടുള്ള എല്ലാ പ്രോജക്ടുകളും പ്രവൃത്തികളും 2004 മാർച്ചിനു മുമ്പ് പൂർത്തീകരിക്കാൻ സർക്കാർ ബോർഡിന് എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) നിലവിൽ ഏത് കാലയളവുവരെ തുക അടച്ച പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly